## പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2025 സെപ്റ്റംബർ 29, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

20 (*121) കലാകാര പെൻഷൻ

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, സാമ്പത്തികപ്രയാസം നേരിടുന്ന സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പ്രതിമാസം 1,600/- രൂപ നിരക്കിൽ കലാകാര പെൻഷൻ നൽകുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സാംസ്കാരികകാര്യ വകുപ്പ്, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി എന്നിവ മുഖേന 2040 പേർക്ക് പെൻഷനും കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡുമുഖേന 4315 പേർക്ക് പ്രതിമാസം 4,000/- രൂപ

നിരക്കിൽ സൂപ്പർ ആന്വേഷൻ പെൻഷനും 351 പേർക്ക് 1,100/- രൂപ നിരക്കിൽ ഫാമിലി പെൻഷനും 5 പേർക്ക് 1,100/- രൂപ നിരക്കിൽ അവശതാ പെൻഷനും നൽകുന്നുണ്ട്. കഴിഞ്ഞ 9 വർഷത്തിനുള്ളിൽ കലാകാര പെൻഷൻ ഇനത്തിൽ 44,43,37,717/- രൂപയും 977 കലാകാരന്മാർക്ക് ചികിത്സാ ധനസഹായമായി 3,29,10,075/- രൂപയും നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കലാരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളവർക്ക് പെൻഷന് അപേക്ഷിക്കാനാകുമെന്നും കലാകാര പെൻഷൻ കൂടാതെ പ്രമുഖ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും പ്രത്യേക ധനസഹായം നൽകുന്നുണ്ടെന്നും വിവിധ സാംസ്കാരിക സ്ഥാപനങ്ങളിൽനിന്നും വിരമിച്ചവർക്ക് പെൻഷനും 1000 യുവകലാകാരന്മാർക്ക് പ്രതിമാസം 17,500/- രൂപ നിരക്കിൽ വജ്രജൂബിലി ഫെലോഷിപ്പും നൽകുന്നുണ്ടെന്നും 'ഗ്രാമീണ കലാകേന്ദ്രം' പദ്ധതി പ്രകാരം നാടൻ കലാകാരന്മാരെയും കൈത്തൊഴിലാളികളെയും പ്രോത്സാഹിപ്പിക്കുന്നതിന് അവരുടെ സംഘങ്ങൾ മുഖേന ധനസഹായം നൽകുന്നുണ്ടെന്നും തുളു ഭാഷയിലെ സാഹിത്യ-നാടക കലാകാരന്മാർക്കും പൂരക്കളി കലാകാരന്മാർക്കും പെൻഷൻ നൽകുന്നത് പരിഗണനയിലാണെന്നും

സൂപ്പർ ആന്വേഷൻ പെൻഷൻ പദ്ധതിയിലുൾപ്പെട്ടവരുടെ എണ്ണത്തിൽ ഘട്ടംഘട്ടമായി വർധന വരുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

21 (*122) നാലുവർഷ ബിരുദ പഠന ക്രമീകരണം

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ, വിദ്യാർഥികൾക്ക് തൊഴിൽ ലഭ്യമാകുന്നതിനും ഉന്നത പഠന-ഗവേഷണ മേഖലകളിൽ പ്രവേശിക്കുന്നതിനും അനുയോജ്യമായ വിധത്തിലാണ് നാലുവർഷ ബിരുദ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് സഭയെ അറിയിച്ചു. ബിരുദ പഠനം പൂർത്തിയാക്കിയ ഉടൻ ജോലി നേടാനാഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന തൊഴിൽ ആഭിമുഖ്യമുള്ള മൈനർ വിഷയങ്ങൾ ഷോർട്ട്-ടേം സ്കിൽ ട്രെയിനിങ് കോഴ്സുകളായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയും തൊഴിൽ പരിശീലന പ്രോഗ്രാമുകൾ നടത്തുന്നതിന് ASAP Kerala, ICT അക്കാഡമി, Keltron, CCEK, C-Apt, LBS, IHRD, Rutronix തുടങ്ങിയ സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

75 ശതമാനം മാർക്കോടെ ഓണേഴ്സ് പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയാൽ നേരിട്ട് ഗവേഷണ പരിപാടികളിലേക്കും/പി.എച്ച്.ഡി. പ്രോഗ്രാമുകളിലേക്കും പ്രവേശനം നേടാനാകും. ഉന്നത പഠനത്തിലും ഗവേഷണത്തിലും പ്രവേശിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ നാലാം വർഷത്തിൽ ഇന്റേൺഷിപ്പ്/പ്രോജക്ട് അടങ്ങിയ ഓണേഴ്സ് പ്രോഗ്രാം തിരഞ്ഞെടുത്താൽ പ്രൊഫഷണൽ അനുഭവം ലഭിക്കുകയും ഓണേഴ്സ് വിത്ത് റിസർച്ച് തിരഞ്ഞെടുത്താൽ ഗവേഷണ രീതികളിൽ പരിശീലനവും പ്രായോഗിക ഗവേഷണാനുഭവവും ലഭിക്കുകയും ചെയ്യും. തൊഴിൽസാധ്യത വർധിപ്പിക്കുന്നതിന് വ്യവസായവുമായി നേരിട്ട് ബന്ധപ്പെടുത്തിയാണ് സംസ്ഥാന ബി.വോക് പ്രോഗ്രാമുകളുടെയും നാലുവർഷ ബിരുദ പദ്ധതിയുടെയും കരിക്കുലം രൂപകൽപ്പന ചെയ്തിരിക്കുന്നത്. സ്വാശ്രയ കോളേജുകളിലുൾപ്പെടെ യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിധേയമായി റിസർച്ച് സെന്ററുകൾ അനുവദിക്കുന്നതിനും കൂടുതൽ അധ്യാപകരെ റിസർച്ച് ഗൈഡുമാരായി തിരഞ്ഞെടുക്കുന്നതിനും സാധിച്ചിട്ടുണ്ടെന്നും ബിരുദാനന്തര ബിരുദതലത്തിലെ കരിക്കുലം പരിഷ്കരിക്കുന്നതിന് കരിക്കുലം പരിഷ്കരണ സമിതി കരട് സമർപ്പിച്ചിട്ടുണ്ടെന്നും ഈ സർക്കാരിന്റെ കാലയളവിൽ 6,000 കോടി രൂപ

ചെലവഴിച്ച് ഉന്നതവിദ്യാഭ്യാസ മേഖലയിൽ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാനായെന്നും ട്രാൻസിലേഷണൽ റിസർച്ച് സെന്ററുകൾക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും ഇന്റേൺഷിപ്പുകൾ ചെയ്യുന്നതിന് ഇന്റേൺഷിപ്പ് പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടെന്നും വിദേശ ഭാഷകളിലുള്ള പ്രാവീണ്യം വർധിപ്പിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ടെന്നും നാലുവർഷ ബിരുദ കോഴ്സിന്റെ ഭാഗമായി ഭരണഘടന, മനുഷ്യാവകാശം, ജെൻഡർ, പാരിസ്ഥിതികം എന്നിവയിൽ അവബോധം നൽകാൻ കഴിയുന്നവിധത്തിൽ ഫൗണ്ടേഷൻ കോഴ്സുകൾ രൂപകലപന ചെയ്തിട്ടുണ്ടെന്നും കോടതി വിധി വന്നതിനെത്തുടർന്ന് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും ലാബ് സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 250 കോടി രൂപ കുസാറ്റ്-ന് നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

22 (*123) <u>നാലുവർഷ ബിരുദ സമ്പ്രദായത്തിലെ പരീക്ഷകളുടെ നടത്തിപ്പ്</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു)

നൽകിയ മറുപടിയിൽ, നാലുവർഷ ബിരുദ പദ്ധതി നടപ്പാക്കുന്നതിനോടനുബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർവകലാശാലകളിൽ ഏകീകൃത അക്കാദമിക്-പരീക്ഷാ കലണ്ടർ പ്രാബല്യത്തിൽ കൊണ്ടുവരികയും പരീക്ഷാ നടത്തിപ്പിൽ സമയക്ലിപ്തത പാലിക്കുകയും ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പരീക്ഷകൾ പൂർത്തിയായി ഒരു മാസത്തിനുള്ളിൽ ഫലപ്രഖ്യാപനം നടത്തുന്നുണ്ടെന്നും K-REAP സോഫ്റ്റ്‌വെയർ മുഖേന വിദ്യാർഥികൾക്ക് അവരുടെ ഫലം ഉടൻതന്നെ മൊബൈൽ ആപ്പിലൂടെ അറിയാനും മാർക്ക്‌ലിസ്റ്റ് ഡൗൺലോഡ് ചെയ്തെടുക്കാനും സാധിക്കുന്നുണ്ടെന്നും ഫലം മെച്ചപ്പെടുത്തുന്നതിന് തൊട്ടടുത്ത സെമസ്റ്റർ നടക്കുന്നതിനിടയിൽ സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഇൻട്രാ, ഇന്റർ സർവകലാശാല ട്രാൻസ്ഫർ സൗകര്യത്തിലൂടെ വിദ്യാർഥികൾക്ക് അവരുടെ പ്രധാന വിഷയവും പഠന കോളേജും സർവകലാശാലയും മാറ്റാൻ സാധിക്കും. നാലുവർഷ ബിരുദ പദ്ധതിപ്രകാരം പഠിച്ചിറങ്ങുന്ന വിദ്യാർഥികൾക്ക് തൊഴിലുമായോ ഉന്നതവിദ്യാഭ്യാസവുമായോ ബന്ധപ്പെട്ട യാതൊരുവിധ പ്രശ്നങ്ങളുമുണ്ടാകില്ലെന്നും വിദ്യാർഥികളുടെ നൈപുണി,

കാര്യപ്രാപ്തി, ആശയ വിനിമയശേഷി, കർമ്മകുശലത എന്നിവ വർധിപ്പിക്കുന്നതിനുതകുന്ന രീതിയിലുള്ള അധ്യയന-അധ്യാപന രീതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും ഹാജർ, ഇന്റേണൽ മാർക്ക് എന്നിവ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഗ്രീവൻസ് റിഡ്രസൽ സെല്ലുകൾ ആക്ടിന്റെ ഭാഗമാക്കിയിട്ടുണ്ടെന്നും വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പ് ചെയ്യുന്നതിന് കില, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെ എം-പാനൽ ചെയ്യുന്നത് പരിഗണിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

23 (124) <u>കാർഷിക മേഖലയിൽ സ്മാർട്ട് കൃഷിരീതികൾ</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് കൃഷിയിടങ്ങളിൽ നിന്ന് പരമാവധി ഉത്പാദനവും ഉത്പാദനക്ഷമതയും ഉറപ്പാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് സ്മാർട്ട് കൃഷിരീതി പ്രോത്സാഹിപ്പിച്ചുവരുന്നുണ്ടെന്നും നവീന കാർഷിക സാങ്കേതികവിദ്യ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൃഷിച്ചെലവ് ലഘൂകരിക്കുന്നതിനും

കൃഷിയിടങ്ങളിലെ പരിപാലനം കൃത്യതയോടെ നടപ്പാക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം, കീടരോഗബാധ എന്നിവയെ ഫലപ്രദമായി തടയുവാനും സ്മാർട്ട് കൃഷിരീതി ഫലപ്രദമാണെന്നും ശാസ്ത്രീയമായി തെളിയിക്കപ്പെട്ട സാങ്കേതികവിദ്യകൾ അനുവർത്തിക്കുന്നതിലൂടെ കാർഷിക ഉല്പാദനം വർധിപ്പിച്ച് കർഷക വരുമാനം ഉയർത്തുവാൻ സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. കർഷകർക്ക് ലോകോത്തര കാർഷിക സാങ്കേതികവിദ്യകൾ പകർന്നുനൽകുകയെന്ന ഉദ്ദേശ്യത്തോടെ കെ-അഗ്ടെക് ലോഞ്ച് പാഡ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതിയായ Sub Mission for Agricultural Mechanisation വഴി നവീന കാർഷിക ഉപകരണങ്ങളും ഡ്രോണുകളും ലഭ്യമാക്കുവാനുള്ള പിന്തുണയും പരിശീലനവും ഡ്രോണുകൾ ഉപയോഗിച്ചുള്ള കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഡ്രോണുകളുടെ വിലയിൽ 50 ശതമാനം മുതൽ 80 ശതമാനം വരെ ധനസഹായവും നൽകുന്നുണ്ട്. സംയോജിത ഡാറ്റാ ഹബ് രൂപീകരിക്കുന്നതിനും പദ്ധതികളുടെ സേവനങ്ങൾ കർഷകർക്ക് സമയബന്ധിതമായി ലഭിക്കുന്നതിനും പ്ലാന്റ് ഡോക്ടർ സേവനം ലഭ്യമാക്കുന്നതിനും 'അഗ്രിസ്റ്റാക്ക്' വെബ് സംരംഭവും 'കതിർ' മൊബൈൽ

ആപ്ലിക്കേഷനും സജ്ജമാക്കിയിട്ടുണ്ട്. കൃഷിയിടങ്ങളിൽ ആധുനിക ഫാമിങ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, അമ്പത് ശതമാനം ധനസഹായത്തോടുകൂടി പോളീഹൗസ്, തണൽ വലകൾ, വാക്ക്-ഇൻ ടണൽ, ഓട്ടോമേറ്റഡ് ഫെർട്ടിഗേഷൻ സിസ്റ്റം, ഹൈഡ്രോ പോണിക്സ്, എയ്റോ പോണിക്സ്, അക്വാപോണിക്സ് തുടങ്ങിയ ആധുനിക കൃഷിരീതികൾക്ക് സഹായം നൽകുന്നുണ്ട്. തരിശ് ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് 'നവോത്ഥാൻ' പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും കർഷകക്ഷേമനിധി ബോർഡിൽ അംഗങ്ങളെ രജിസ്റ്റർ ചെയ്യിക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടെന്നും  ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.